Draft #3 of File 30164/AC A1/2/2019/VC SECTION (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 12-Dec-2019 02:20 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ പുതിയതായി ആരംഭിക്കുവാൻ പോകുന്ന MA Social work in Disability Studies and Action Programme കോഴ്സിന്റെ ഫീസ് ഘടന സംബന്ധിച്ച റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 6389/AC A 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 12.12.2019

---

പരാമർശം:-1. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വകുപ്പ് മേധാവിയിൽ നിന്നും 09.08.2019, 16.10.2019 എന്നീ തീയതികളിൽ ലഭിച്ച കത്തുകൾ.

2. സർവകലാശാല ഉത്തരവ് നം. 6019/ACA1/2019/എം.ജി.യു. തീയതി 27.11.2019.

3. പ്രൊഫ. (ഡോ.) ബിസ്മി ഗോപാലകൃഷ്ണൻ , സിൻഡിക്കേറ്റ് അംഗം ,11.12.2019 ൽ സമർപ്പിച്ച റിപ്പോർട്ടിന്മേൽ വൈസ് ചാൻസിലർ നൽകിയ ഉത്തരവ്

**ഉത്തരവ്**

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ പുതിയതായി ആരംഭിക്കുവാൻ പോകുന്ന MA Social Work in Disability Studies and Action Programme കോഴ്സിന്റെ ഫീസ് നിർണയിച്ചു നൽകുന്നതിന് പഠനവകുപ്പ് മേധാവി ബഹു വൈസ് ചാൻസലർ മുപാകെ പരാമർശം (1) പ്രകാരം നൽകിയ അപേക്ഷകളുടെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച സർവകലാശാല സിൻഡിക്കേറ്റ്, ടി കോഴ്സിന്റെ ഫീസ് ഘടന സംബന്ധിച്ച കാര്യങ്ങൾ പഠിച്ചു റിപ്പോർട്ട് നൽകുന്നതിന് സിൻഡിക്കേറ്റ് അംഗം പ്രൊഫ. (ഡോ.) ബിസ്മി ഗോപാലകൃഷ്ണനെ നിയോഗിക്കുന്നതിനും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുവാൻ വൈസ് ചാൻസിലറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിക്കുകയുണ്ടായി. ആയത് പരാമർശം (2) പ്രകാരം ഉത്തരവായി പുറപ്പെടുവിച്ചിരുന്നു.

ആയത് പ്രകാരം സിൻഡിക്കേറ്റ് അംഗം പ്രൊഫ. (ഡോ.) ബിസ്മി ഗോപാലകൃഷ്ണൻ പരാമർശം (3) പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത കോഴ്സിന്റെ ഫീസ് ഘടന പരിശോധിച്ചു സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ ചുവടെ ചേർക്കുന്നു.

"ആരംഭത്തിൽ 20 സീറ്റുകളോട് കൂടി, ഓരോ സെമസ്റ്ററിനും 10,000/- രൂപ നിരക്കിൽ ട്യൂഷൻ ഫീസ് ഏർപ്പെടുത്തി, MA Social Work (Disability Studies and Action ) എന്ന കോഴ്സ് തുടങ്ങുന്നതിന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന് അനുവാദം നൽകാവുന്നതാണ്. (School of Behavioural Sciences be permitted to start MA Social Work ( Disability Studies and Action ) by charging Tuition fee of INR 10,000 per semester with an intake of 20 initially)."

"അതോടൊപ്പം, സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് നിലവിലുള്ള സർവകലാശാല മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഫീസ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഉറപ്പു

വരുത്തേണ്ടതാണ്."

മേൽ ശുപാർശകളോടു കൂടിയ പരാമർശം (3) ലെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.ഡയറക്ടർ,സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്
2. പ്രൊഫ.ഡോ.ബിസ്മി ഗോപാലകൃഷ്ണൻ (സിണ്ടിക്കേറ്റ് മെമ്പർ),പ്രൊഫസർ,സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തൊട്ട്
3.വി .സി / പി.വി.സി എന്നിവരുടെ പി എസ് മാർ
4.രജിസ്ട്രാർ /എഫ്.ഒ / സി.ഇ എന്നിവരുടെ പി എ മാർ
5.ജെ ആർ /ഡി ആർ / എ ആർ (അക്കാഡമിക്/ പരീക്ഷ /ഫിനാൻസ്)
6.CITAD/IQAC/PRO/ENQUIRY/CSS/Accounts 3/5/എസി ബി6
7.എസി സി 1 /എസി സി 2 / കണ്ടെന്റ് മാനേജ്മെന്റ് സെൽ
8.കരുതൽ ഫയൽ / റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 30164/AC A1/2/2019/VC SECTION (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 12-Dec-2019 02:20 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം